പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.630. 29.07.2015 ൽ മറുപടിയ്ക്ക്.

## മോട്ടോർ വാഹന വകുപ്പിൽ ഇ-ഗവേണൻസ്

| ചോദ്യം<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. കെ.എസ്.ശബരീനാഥൻ<br>ശ്രീ. പാലോട് രവി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മോട്ടോർ വാഹന വകുപ്പിൽ ഇ-ഗവേണൻസ് നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | ഇ-ഗവേണൻസ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലൂടെ വകുപ്പിൽനിന്നും പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങൾ കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുവാൻ ആണ് ഉദ്ദേശിച്ചിട്ടുള്ളത്. ചുവടെ പറയുന്ന ഉദ്ദേശ്യലക്ഷ്യങ്ങളാണ്ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്.<br>മോട്ടോർ വാഹന വകുപ്പിന്റെ എല്ലാ ഓഫീസുകളും ' Fully Automated Services in Transport Department (FAST) പദ്ധതി പ്രകാരം' കമ്പ്യൂട്ടർ വൽക്കരിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾക്ക് നൽകുന്ന എല്ലാ സേവനങ്ങളും കാര്യക്ഷമതയോടു കൂടിയും സുതാര്യതയോടു കൂടിയും നൽകുവാൻ സാധിക്കുന്നു.<br>മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ അപേക്ഷ ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം, നൽകിയ അപേക്ഷയുടെ സ്ഥിതി വിവരം, ലൈസൻസ്, രജിസ്ട്രേഷൻ വിവരങ്ങൾ എന്നിവ ജനങ്ങൾക്ക് ലഭ്യമാണ്.<br>എസ്.എം.എസ് മുഖാന്തിരം അപേക്ഷകളുടെ സ്ഥിതി വിവരവും, |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയുടെ വിവരങ്ങൾ, ഫാൻസി നമ്പറുകളുടെ ലഭ്യത, പുതിയ വാഹനങ്ങൾക്കനുവദിച്ച രജിസ്ട്രേഷൻ നമ്പറുകൾ എന്നിവ അറിയുവാൻ സാധിക്കുന്ന സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്.<br>പൊതുജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുടെ ഫീസും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങളുടെ വാഹനനികുതിയും മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് വഴി അടയ്ക്കുവാനായി ഇ-പേയ്മെന്റ് സംവിധാനം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ തുടങ്ങിയ ബാങ്കുകളിലൂടെ നടപ്പിൽ വന്നുകഴിഞ്ഞു. ട്രാൻസ്പോർട്ട് വാഹനങ്ങളുടെ വാഹന നികുതിയും ഇത്തരത്തിൽ അടയ്ക്കുന്നതിനുള്ള സംവിധാനം താമസിയാതെ നിലവിൽ വരും. ഇതുവഴി പൊതുജനങ്ങൾക്ക് ഓഫീസുകളിൽ നേരിട്ട് വരാതെ തന്നെ ഫീസും നികുതിയും അടയ്ക്കുവാൻ സാധിക്കുന്നതാണ്.<br>ഓൺലൈൻ വഴി നൽകുന്ന സേവനങ്ങൾ : മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റായ www.mvd.kerala.gov.in ലൂടെ പൊതുജനങ്ങൾക്ക് തെരഞ്ഞെടുത്ത ചില സേവനങ്ങൾ ഓൺലൈൻ ആയി അപേക്ഷിക്കാവുന്നതാണ്. അപേക്ഷാ ഫാറങ്ങളും ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യവും വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്.<br>പൊതുജനങ്ങൾക്ക് ലഭ്യമാകുന്ന സേവനങ്ങൾ ഒറ്റ സന്ദർശനത്തിൽ തന്നെ നൽകുവാൻ വേണ്ടി ആവിഷ്കരിച്ച നൂതന പദ്ധതിയാണ് അതിവേഗ (Fast Track) കൗണ്ടറുകൾ. എല്ലാ ആർ.ടി.ഓഫീസുകളിലും സബ്ബ് ആർ.ടി.ഓഫീസുകളിലും ഏക സന്ദർശന തീർപ്പാക്കൽ രീതിയിൽ തെരഞ്ഞെടുത്ത സേവനങ്ങൾ ഈ കൗണ്ടറുകളിലൂടെ ലഭ്യമാണ്. അപേക്ഷകൻ നേരിൽ വന്നാൽ മാത്രമേ ഈ സേവനങ്ങൾ നൽകുക |

| | | | |
|---|---|---|---|
| | | | യുള്ളൂ. ഇതു വഴി ഇടനിലക്കാരെ ഒഴിവാക്കാൻ കഴിയുന്നതാണ്.<br><br>ഈ സേവനങ്ങൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികളും മോട്ടോർ വാഹന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.<br><br>ഡ്രൈവർ പരിശീലന കേന്ദ്രം : - മലപ്പുറം ജില്ലയിലെ എടപ്പാളിൽ കേന്ദ്ര സഹായത്തോടെ ഒരു ഡ്രൈവർ പരിശീലന കേന്ദ്രം സ്ഥാപിക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഡ്രൈവർമാരെ റോഡ് സുരക്ഷയെ ക്കുറിച്ച് കൂടുതൽ ബോധവൽക്കരിക്കു കയും മെച്ചപ്പെട്ട തുടർപരിശീലനം നൽകുവാനും ടി സ്ഥാപനം വഴി സാധിക്കുന്നതാണ്.<br><br>ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ : - നിലവിൽ നടക്കുന്ന ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനായി കമ്പ്യൂട്ടർ വൽകൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ എല്ലാ ജില്ലകളിലും സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കോഴിക്കോട് ചേവായൂർ, കണ്ണൂർ-എളയാവൂർ, തിരുവനന്തപുരം - പാറശ്ശാല എന്നീ സ്ഥലങ്ങളിൽ കമ്പ്യൂട്ടർവൽകൃത ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്കുകൾ നിർമ്മിച്ച് പ്രവർത്തിപ്പി ക്കുന്നുണ്ട്.<br><br>മൂവാറ്റുപുഴ – ആരക്കുഴ, തിരുവനന്തപുരം – മുട്ടത്തറ, കോട്ടയം-മോനിപ്പള്ളി എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.<br><br>അക്ഷയ കേന്ദ്രങ്ങൾ വഴി അപേക്ഷ : - മോട്ടോർ വാഹന വകുപ്പിന്റെ ചില സേവനങ്ങൾ അക്ഷയ കേന്ദ്രങ്ങൾ വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.<br><br>വാഹന പരിശോധനാ കേന്ദ്രങ്ങൾ : - വാഹനങ്ങളുടെ കാര്യക്ഷമത പരിശോധിക്കുന്നതിന് എല്ലാ ജില്ലകളിലും കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രം സ്ഥാപിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട് |

| | | | |
|---|---|---|---|
| | | | ചേവായൂർ, കണ്ണൂർ-എളയാവൂർ, തിരുവനന്തപുരം-പാറശ്ശാല എന്നീ സ്ഥലങ്ങളിൽ കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മുവാറ്റുപുഴ – ആരക്കുഴ, തിരുവനന്തപുരം – മുട്ടത്തറ, കോട്ടയം-മോനിപ്പള്ളി എന്നിവിടങ്ങളിൽ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. |
| (സി) | പദ്ധതി നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) | ഇ – പേയ്മെന്റ് നടപ്പാക്കാനായി 2014 ലെ കേരള ഫിനാൻസ് ആക്ട് പ്രകാരം 1976 ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ടും, 13/03/2015 ലെ ജി.ഒ.(പി) നം. 15/2015/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 1975 ലെ കേരള മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ റൂൾസും ഭേദഗതി ചെയ്തിട്ടുണ്ട്. വിവിധ പദ്ധതികൾക്ക് പ്ലാൻഫണ്ട് അനുവദിച്ചിട്ടുണ്ട്. ഭരണാനുമതി നൽകി അവ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.